പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.* 738 07.11.2016 ലെ മറുപടിയ്ക്ക്

# കാർഷിക മേഖലയുടെ നവീകരണത്തിന് കർമ്മ പരിപാടികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.റോജി എം. ജോൺ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.കെ.മുരളീധരൻ | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) കാർഷിക മേഖലയുടെ നവീകരണത്തിന് എന്തെല്ലാം കർമ്മ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (എ) കാർഷിക മേഖലയുടെ നവീകരണത്തിന് 'ഹരിതകേരളം' എന്ന പേരിൽ ഒരു കർമ്മ പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. കൃഷി വകുപ്പും മറ്റനുബന്ധ വകുപ്പുകളും ചേർന്ന് നടപ്പിലാക്കുന്ന പ്രസ്തുത പരിപാടിയുടെ പ്രധാന ഘടകങ്ങൾ ശുചിത്വം, മാലിന്യ സംസ്കരണം, കൃഷി വികസനം, ജലസംരക്ഷണം എന്നിവയാണ്.<br>'ഹരിതകേരളം' പദ്ധതി പ്രകാരം കൃഷി വകുപ്പ് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ ' സുജലം സുഫലം' എന്ന പേരിൽ അയൽക്കൂട്ടം തലത്തിൽ തയ്യാറാക്കുന്ന പദ്ധതി വിവിധ ഉയർന്ന തലങ്ങളിൽ ക്രോഡീകരിച്ച് ജില്ലാതല പ്ലാൻ തയ്യാറാക്കി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. മിഷൻ മാതൃകയിൽ നടപ്പാക്കുന്ന പദ്ധതിയിൽ ഓരോ വിളയ്ക്കും അനുയോജ്യമായ പ്രത്യേക കാർഷിക മേഖലയുടെ രൂപീകരണം, ശാസ്ത്രീയ കൃഷിരീതിയിലൂടെയും മെച്ചപ്പെട്ട വിപണന മൂല്യവർദ്ധന സൗകര്യങ്ങളിലൂടെ വർദ്ധിപ്പിച്ച ഉല്പാദനവും കർഷകന് മികച്ച വരുമാനവും. ജൈവകൃഷിയിലൂടെയും നല്ല കാർഷിക മുറയിലൂടെയും സുരക്ഷിത ഭക്ഷ്യ വസ്തുക്കളുടെ ഉല്പാദനം, കൃഷിക്കായുള്ള ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, യന്ത്രവത്കരണത്തിന്റെ വ്യാപനം, ഗാർഹിക മാലിന്യങ്ങളുടെ പുനചംക്രമണത്തിലൂടെ കൃഷിക്കുപയോഗിക്കൽ. കാർഷിക വിപണനത്തിന് പ്രത്യേക പോർട്ടൽ രൂപം നൽകൽ എന്നിവ പ്രധാന ലക്ഷ്യങ്ങളാണ്. |

' സുജലം സുഫലം' പദ്ധതിയിൽ വിഭാവനം ചെയ്യുന്ന പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.

മാലിന്യ സംസ്കരണം.

നീർത്തടാധിഷ്ഠിത വികസനം

ജലസ്രോതസുകളുടെ സംരക്ഷണവും പുനരുജ്ജീവനവും

ശാസ്ത്രീയമായ ജലസംരക്ഷണ, ഭൂസംരക്ഷണ പദ്ധതികൾ നടപ്പാക്കുക.

നെൽകൃഷി വികസനം

ജൈവ പച്ചക്കറി വികസനം

തെങ്ങുകൃഷി

പൂകൃഷി

യന്ത്രവൽക്കരണം

സംയോജിത കൃഷി

ആധുനിക കൃഷി രീതി പ്രോത്സാഹനം

പട്ടിക വർഗ്ഗ ഊരുകളിൽ കൃഷി

ശാസ്ത്രീയമായ വിള ആരോഗ്യ പരിപാലനം.

വിപണനം.

ആഗ്രോ പാർക്കുകളും അഗ്രി ബിസിനസ് കമ്പനികളും

മേൽപ്പറഞ്ഞ പദ്ധതികൾ കർഷക കൂട്ടായ്മയിലൂടെ നടപ്പിലാക്കി കർഷകനെ കാർഷിക സംരംഭകനായി ഉയർത്തി സാമ്പത്തിക ഭദ്രത ഉറപ്പുവരുത്താനാണ് ലക്ഷ്യമിടുന്നത്.

**(ബി)** ആരെയൊക്കെയാണ് ഇതിനു വേണ്ടി പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്; വിവരിക്കുമോ;

**(ബി)** അയൽക്കൂട്ടങ്ങൾ, വാർഡ് തലം മുതൽ ജില്ലാ തലം വരെയുള്ള ജനപ്രതിനിധികൾ, കൃഷി അനുബന്ധ മേഖലകളിൽ നിന്നും വിരമിച്ച സാങ്കേതിക ഉദ്യോഗസ്ഥർ, മികച്ച കർഷകർ, വിദ്യാർത്ഥികൾ, യുവജനങ്ങൾ, സന്നദ്ധപ്രവർത്തകർ, കർഷക കൂട്ടായ്മകൾ എന്നിങ്ങനെ സമൂഹത്തിലെ എല്ലാത്തട്ടിലുമുള്ള ജനവിഭാഗങ്ങളുടെ സേവനം പദ്ധതിക്കായി സംയോജിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

**(സി)** ഭരണതലത്തിൽ എന്തെല്ലാം മാറ്റങ്ങളും നവീകരണങ്ങളുമാണ് വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**(സി)** ഹരിതകേരളം പദ്ധതിക്കു നേതൃത്വം നല്കുന്നതിനായി സംസ്ഥാന തലത്തിൽ ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ഹരിതകേരളം മിഷൻ രൂപീകരിച്ചിട്ടുണ്ട്.

ഇതിനു പുറമേ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായുള്ള ജില്ലാ കൃഷി മിഷനും രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ